# ഇഷ്ടം



വെള്ള നിറത്തിലെനിക്കിഷ്ടം
വെണ്മ നിറഞ്ഞൊരു പൈമ്പാല്

ചുവപ്പിലേറ്റമെനിക്കിഷ്ടം
ചെഞ്ചോപ്പുള്ളൊരു മഞ്ചാടി

പച്ചയിലേറ്റമെനിക്കിഷ്ടം
പച്ചപ്പുള്ളൊരു നെൽപ്പാടം

മഞ്ഞനിറത്തിലെനിക്കിഷ്ടം
മഞ്ഞക്കൊന്ന കണിക്കൊന്ന

നീലയിലേറ്റമെനിക്കിഷ്ടം
നേർ വാനത്തിൻ നീലനിറം

റോസു നിറത്തിലെനിക്കിഷ്ടം
റോസാപ്പൂവിന്റെ നിറമല്ലോ.

കറുപ്പിലേറ്റമെനിക്കിഷ്ടം
കാക്കാക്കുയിലിൻ നിറമല്ലോ

**ഭാനുമതി മേനോൻ**

▶▶ ഏറ്റവും വലിയ വനം- റഷ്യയിലെ സൂചികാഗ്രവനങ്ങൾ

# ആനച്ചന്തം

ആനയെക്കാണാനെന്തഴക്!
കാർമുകിൽ പോലെ ഏഴഴക്
കാൽനാലിന്നുമിതെന്തഴക്?
കടഞ്ഞ തൂണുകൾ പോലഴക്
ആടും ചെവികൾക്കെന്തഴക്?
ആലവട്ടക്കുളിരഴക്
കൊമ്പുകൾ രണ്ടിനുമെന്തഴക്
കൊമ്പനു ചേർന്നൊരു വമ്പഴക്
കണ്ണിനു കുന്നിക്കുരുവഴക്
തുമ്പിക്കാഹാ ചുരുളഴക്
കുംഭയിതമ്പോ കുന്നഴക്
വാലിനു പീലവിരിച്ചഴക്.

അമ്മിണി ടീച്ചർ
എടവനക്കാട്



▶▶ ഏറ്റവും കൂടുതൽ തണുപ്പുള്ള സ്ഥലം- വോസ്റ്റോക്ക് (അന്റാർട്ടിക്ക)